# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ജനുവരി 22

# വാർത്താക്കുറിപ്പ്

## പരീക്ഷ കേന്ദ്രത്തിന് മാറ്റം

ജനുവരി 20 മുതൽ ആരംഭിച്ച മൂന്ന്/നാല് സെമസ്റ്റർ ബി.എ. പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയ്ക്ക് കട്ടപ്പന ഗവൺമെന്റ് കോളേജിന്റെ സബ്സെന്ററായ രാജാക്കാട് സാൻജോ കോളേജിൽ പരീക്ഷയെഴുതുന്ന രജിസ്റ്റർ നമ്പർ 170050018421 മുതൽ 170050018478 വരെയുള്ള വിദ്യാർഥികൾ ജനുവരി 27 മുതൽ കുമളി സഹ്യജ്യോതി ആർട്സ് ആന്റ് സയൻസ് കോളേജിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/105/2021)

## എം.ജി. പി.ജി. പ്രവേശനം; ഫൈനൽ അലോട്മെന്റ് ഓപ്ഷൻ രജിസ്ട്രേഷൻ ജനുവരി 26 വരെ

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റിന് ജനുവരി 26ന് വൈകീട്ട് അഞ്ചുവരെ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവരുൾപ്പെടെ എല്ലാവർക്കുമായാണ് ഫൈനൽ അലോട്ട്മെന്റ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് അടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓപ്ഷനുകൾ നൽകാം. നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് വെബ് സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യണം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വയ്ക്കണം.

ഫൈനൽ അലോട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. ലോഗിൻ ചെയ്ത ശേഷം അപേക്ഷകന് നേരത്തേ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താം, പുതുതായി ഓപ്ഷനുകൾ നൽകാം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക.

അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഫൈനൽ അലോട്മെന്റിന്റെ ഒന്നാം അലോട്മെന്റ് ലിസ്റ്റ് ജനുവരി 29ന് പ്രസിദ്ധീകരിക്കും. അലോട്മെന്റ് ലഭിക്കുന്നവർ അന്നേദിവസം ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. ഫൈനൽ അലോട്മെന്റിന്റെ രണ്ടാം അലോട്മെന്റ് ലിസ്റ്റ് വഴി പ്രവേശനം നേടിയവരെ ഒഴിവാക്കി ജനുവരി 30ന് രണ്ടാം അലോട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഓരോ അലോട്മെന്റുകളിലും പ്രവേശനം നേടിയവർ

ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടാത്തപക്ഷം അവരെ തുടർ അലോട്മെന്റുകളിൽ അവരുടെ ഹയർ ഓപ്ഷനുകളിലേക്ക് പരിഗണിക്കില്ല.

(പി.ആർ.ഒ/39/106/2021)

## പുതുക്കിയ പരീക്ഷ തീയതി

2020 ജൂണിൽ നടത്താൻ നിശ്ചയിച്ചിരുന്നതും കോവിഡ്-19 വ്യാപനം മൂലം മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ എം.എസ് സി. (2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ് (സി.എസ്.എസ്.) പരീക്ഷകൾ ജനുവരി 27 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/107/2021)

## പി.ജി. പ്രത്യേക പരീക്ഷ ജനുവരി 27 മുതൽ

കോവിഡ് 19 നിയന്ത്രണങ്ങൾമൂലം നാലാം സെമസ്റ്റർ പി.ജി. പരീക്ഷകൾക്ക് ഹാജരാകാൻ കഴിയാതിരുന്ന വിദ്യാർഥികൾക്കായി നടത്തുന്ന പ്രത്യേക പരീക്ഷ ഗൂഗിൾഫോം മുഖേന പ്രസിദ്ധീകരിച്ചിരുന്ന 13 പരീക്ഷകേന്ദ്രങ്ങളിൽ ജനുവരി 27 മുതൽ ആരംഭിക്കും. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ. വിദ്യാർഥികൾ ഗൂഗിൾഫോം മുഖേന തെരഞ്ഞെടുത്ത പരീക്ഷകേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് എത്തണം.

(പി.ആർ.ഒ/39/108/2021)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ ഫെബ്രുവരി ഒന്നുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/109/2021)

## ഇന്റേണൽ റീഡുവിന് ജനുവരി 30 വരെ അപേക്ഷിക്കാം

ഒന്നുമുതൽ എട്ടുവരെ സെമസ്റ്റർ ബി.ടെക് (2010ന് മുമ്പുള്ള അഡ്മിഷൻ, 2010ന് ശേഷമുള്ള അഡ്മിഷൻ) ഇന്റേണൽ റീഡുവിന് ജനുവരി 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/110/2021)

## സെനറ്റ് തെരഞ്ഞെടുപ്പ്; പ്രാഥമിക വോട്ടർ പട്ടിക

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലേക്ക് ഗവൺമെന്റ്/പ്രൈവറ്റ് കോളേജ് പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക വോട്ടർ പട്ടിക സർവകലാശാല ഓഫീസിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/111/2021)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ